**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4364** **09-08-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ താലൂക്കിൽ റീസർവ്വേ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ താലൂക്കിൽ റീസർവ്വേ നടന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ താലൂക്കിൽ ആകെയുള്ള 28 വില്ലേജുകളിൽ ഒരു വില്ലേജിന്റെയും റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടില്ല |
| (ബി) | റീസർവ്വേ നടപടികൾ പൂർത്തിയാവാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റീസർവ്വേ നടപടി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക സർവെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവെയറുടെ കൂടി സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI) ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിഗണനയിലുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ണൂർ താലൂക്കിൽ ഉൾപ്പെടെ റീസർവ്വെ ജോലികൾ കൂടുതൽ കൃത്യതയോടും, സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ